ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട വി.ഡി. സതീശൻ അശാസ്ത്രീയമായ നികുതിഘടനകളെപ്പറ്റി പറയുകയുണ്ടായി. അതൊക്കെ വിശാലമായ കാര്യങ്ങളാണ്. തീർച്ചയായും അദ്ദേഹം ചില നല്ല ആശയങ്ങൾ പറയുകയുണ്ടായി, അതിന്റെയൊക്കെ പരിശോധന ആവശ്യമാണ്. സ്റ്റേറ്റ് ഗവൺമെന്റിന്റെ പേട്രനേജിൽ ടാക്സേഷനെ സംബന്ധിച്ച് സ്റ്റഡി നടത്തുന്ന ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടുണ്ട്. ഇങ്ങനെയുള്ള വിഷയങ്ങളൊക്കെ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പഠനങ്ങൾക്ക് വിധേയമാക്കാം. പല കാര്യങ്ങളും അവരുടെ പഠനങ്ങൾക്കുവേണ്ടി ഗവൺമെന്റ് റഫർ ചെയ്തിട്ടുണ്ട് എന്നുള്ള കാര്യം ഞാൻ അറിയിക്കുകയാണ്. തീർച്ചയായും അയൽസംസ്ഥാനങ്ങളെക്കാൾ ഇവിടെ നികുതി നിരക്ക് ഉയർന്നുനിന്നാൽ, അയൽ സംസ്ഥാനങ്ങളിൽ നികുതി നിരക്ക് കുറവാണെങ്കിൽ അത് ഇവേഷനുള്ള കാരണങ്ങളിൽ ഒന്നാണ്. ശ്രീ. മുല്ലക്കര രത്നാകരനും ശ്രീ. വി.ഡി. സതീശനുമാണ് അയൽ സംസ്ഥാനങ്ങളിൽ കുറഞ്ഞുനിൽക്കുന്ന നികുതികളെയും ഇവിടെ ഉയർന്നുനിൽക്കുന്ന നികുതികളെയും സംബന്ധിച്ച് പറയുകയും നികുതി ഘടന പരിഷ്ക്കരിക്കേണ്ടത് ആവശ്യമല്ലേയെന്ന് ചൂണ്ടിക്കാണിക്കുകയും ചെയ്തത്. അവർ പറയുന്നതിൽ ഒരു ചെറിയ കാര്യമുണ്ട്. ശ്രീ. മുല്ലക്കര രത്നാകരനും അതുപോലെ ശ്രീ. വി.ഡി. സതീശനും കോഴിയുടെ നികുതി സംബന്ധിച്ച് പറയുകയുണ്ടായി. തമിഴ്നാട്ടിൽ സീറോ പോയിന്റാണ്, കർണ്ണാടകയിൽ 5 ശതമാനമാണ്, എന്നാൽ കേരളത്തിൽ നികുതി 13 ശതമാനമാണ്. ഒരു കിലോഗ്രാം കോഴിയെ തമിഴ്നാട്ടിൽ നിന്ന് കൊണ്ടുവന്നാൽ നികുതി വെട്ടിക്കുകയാണെങ്കിൽ, കള്ളക്കടത്തിൽ കൂടിയാണെങ്കിൽ ഭയങ്കരമായ ലാഭം കിട്ടും. അത്

നികുതി വെട്ടിപ്പിനൊരു പ്രേരണയാണ്. പ്രത്യേകിച്ചും കോഴിയെ സംബന്ധിച്ച് സൈക്കിളിലും മോട്ടോർ സൈക്കിളിലും മറ്റു ഊടുവഴികളിൽ കൂടി കൊണ്ടു വരാം. അതുകൊണ്ട് നികുതി വെട്ടിപ്പ് കുറയ്ക്കുന്നതിന് നെയ്ബറിംഗ് സ്റ്റേറ്റു മായി ഇത് സമീകരിക്കുകയോ കുറയ്ക്കുകയോ എന്തുവേണമെന്നുള്ളത് ഒരു ചർച്ചാവിഷയമാണ്, ഞാൻ സമ്മതിക്കുന്നു. പക്ഷേ, ഇങ്ങനെയുള്ള വിശാല മായ കാര്യങ്ങൾക്ക്, ഇപ്പോൾ ഈ ഫ്ളോറിൽ നിന്നുകൊണ്ട്, ഒറ്റയടിക്ക് കൺക്ലൂസിവായ ഉത്തരം നൽകുന്നില്ല. ടാക്സസ് സെക്രട്ടറി ചെയർമാനായി ഒരു കമ്മിറ്റിയെ....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഒരു വിഷയം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. മാഹി കേന്ദ്രീകരിച്ചുകൊണ്ട് വലിയ തോതിലുള്ള കോഴിക്കടത്തും നികുതിവെട്ടിപ്പും നടക്കുന്നുണ്ട്. മാഹിയിൽ ടാക്സ് വളരെ കുറവാണ്. ഇതൊരു പ്രധാനപ്പെട്ട പ്രശ്നമായി കണ്ട് അത് തട യുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

മി. സ്പീക്കർ: മാഹി കേന്ദ്രീകരിച്ച് കോഴി മാത്രമല്ല, വേറെ ഐറ്റവും ധാരാളമായി വരുന്നുണ്ട്. അവിടെ അതിനും വില കുറവാണ്.

ശ്രീ. കെ. എം. മാണി: സർ, ബഹുമാനപ്പെട്ട കോടിയേരി ബാലകൃ ഷ്ണന്റെ, അവിടെയടുത്താണല്ലോ മാഹി. അവിടെ നിന്നാണ് ഈ പ്രോബ്ലം മുഴുവൻ നമുക്ക് ഉണ്ടാകുന്നത്. ഞാൻ ചില തമാശകളൊക്കെ പറയുന്നു വെന്നുള്ളതേയുള്ളൂ. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് വളരെ കറ ക്ടായിട്ടുള്ള കാര്യമാണ്. മാഹിയിൽ നിന്നും കോഴിക്കടത്തുണ്ട്. അത് ഞാൻ സമ്മതിക്കുകയാണ്. ഞാൻ പറഞ്ഞത്, ഇപ്പോൾ നിയമസഭയിൽ ഇങ്ങനെ യൊരു അഭിപ്രായം വന്നതുകൊണ്ട് ഉടനെകയറി കോഴിയുടെ നികുതി കുറ

ച്ചിരിക്കുന്നു എന്ന് പറയാൻ ഞാൻ ശക്തനല്ല എന്നാണ്. ഈ വിഷയം ഇതിനുമുമ്പുതന്നെ സബ്ജക്ട് കമ്മിറ്റിയുടെ ഡിസ്ക്കഷനിൽ വന്നിരുന്നു. ടാക്സസ് സെക്രട്ടറി ചെയർമാനായ ഒരു കമ്മിറ്റിയെ ഇതിനുവേണ്ടി ഗവൺമെന്റ് നിയമിച്ചുകഴിഞ്ഞു. അവരുടെ പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭാവിയിൽ എന്തുവേണമെന്നുള്ളത് സംബന്ധിച്ച് ഗവൺമെന്റ് ആവശ്യമായ നടപടികൾ സ്വീകരിക്കാം. ഗോൾഡിന്റെ കാര്യവും ഇതുപോലെ തന്നെയാണ്. കേരളത്തിൽ 4 ശതമാനമാണ് നികുതി, അയൽ സംസ്ഥാനങ്ങളിൽ അത് ഒരു ശതമാനമാണ്. കോയമ്പത്തൂരോ നാഗർകോവിലിലോ പോയാൽ, അയൽ സംസ്ഥാനങ്ങളിൽ ഗോൾഡിന് നികുതി കുറവാണ്. ഇവിടെ അത് കൂടി നിൽക്കുന്നുണ്ട്. പക്ഷേ ഇതിന്റെ അടിസ്ഥാനത്തിൽ സ്വർണ്ണത്തിന്റെ നികുതി പെട്ടെന്ന് കുറവുചെയ്യുന്നു എന്ന് എനിക്ക് പറയുവാൻ കഴിയുകയില്ല. സബ്ജക്ട് കമ്മിറ്റിയിൽ ഒരു ചർച്ച ഇതിനെ സംബന്ധിച്ചുമുണ്ടായി. സബ്ജക്ട് കമ്മിറ്റിയിൽ ഞങ്ങളെല്ലാവരുംകൂടി ഒരു കൺസെൻസസ് ഉണ്ടാക്കിയത് സ്വർണ്ണത്തിന്റെ കാര്യത്തിൽ എന്തുവേണമെന്നതിനെക്കുറിച്ച് ഒരു സ്റ്റഡി നടത്തുന്നതിന് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിനെ ഏൽപ്പിക്കാമെന്ന തീരുമാനത്തിലാണ്. അതുകൊണ്ട് ആ നിലയിൽ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിനെ അത് ഏൽപ്പിച്ചിരിക്കുകയാണ്. അവരുടെ പഠന റിപ്പോർട്ട് വരട്ടെ, സബ്ജക്ട് കമ്മിറ്റിയിൽ വീണ്ടും ആ റിപ്പോർട്ട് വയ്ക്കാം, അതിന്മേൽ ചർച്ച ചെയ്യാം. ഇനിയും നമുക്ക് അവസരങ്ങളുണ്ട്. അതുകൊണ്ട് വിശാലമായി പറഞ്ഞ ഈ കാര്യങ്ങളെപ്പറ്റി വിശാലമായും അവഗാഹമായും വിലയിരുത്തിക്കൊണ്ട് തീർച്ചയായും ഇതിനുള്ള പ്രതിവിധികൾ, ആവശ്യമായ നടപടികൾ സ്വീകരിക്കാമെന്ന് ഞാൻ പ്രത്യേകം പറയുകയാണ്. മദ്യത്തിന്റെമേൽ കൂടിയ ടാക്സ് ഏർപ്പെടുത്തിയതുകൊണ്ട് മദ്യപാനം കുറയുകയില്ല എന്ന് ശ്രീ. വി.ഡി. സതീശൻ

പറഞ്ഞു. ഞാൻ അതിൽ വലിയ വിദഗ്ദ്ധനൊന്നുമല്ല, അത് എങ്ങനെയാണെന്ന് പറയാൻ എനിക്ക് വലിയ കഴിവില്ല. ശ്രീ. വി.ഡി. സതീശനും മറ്റാളുകൾ പറഞ്ഞുള്ള അറിവല്ലാതെ സ്വന്തമായ അനുഭവത്തിൽ നിന്നായിരിക്കില്ല പറഞ്ഞത്. ടാക്സ് കൂടിയാലും സ്മോൾ കഴിക്കുന്നത് കുറയുകയില്ലെന്നാണ് ശ്രീ. വി.ഡി. സതീശൻ പറഞ്ഞത്. പിന്നെയും സ്മോൾ കഴിക്കും. അപ്പോൾ ഞാൻ നേരെ തിരിച്ച് ചോദിക്കുകയാണ്, ടാക്സ് കുറച്ചാൽ സ്മോൾ കഴിക്കുന്നത് കൂടുകയില്ലേ? അവിടെയാണ് ഇതിന്റെ രഹസ്യം. രണ്ടിന്റെയും ഇടയ്ക്കൊരു സത്യമുണ്ട്. അതുകൊണ്ട് നമുക്ക് അങ്ങനെ കൃത്യമായൊന്നും പറയാൻ കഴിയില്ല. പണ്ട് പാലായ്ക്ക് ആ ദുഷ്പേരുണ്ടായിരുന്നു. ഇപ്പോൾ അതൊക്കെ പോയി. ഇപ്പോൾ മലപ്പുറത്തേയ്ക്കാണ് ഇത് കടന്നിരിക്കുന്നത്. പ്ലാസ്റ്റിക് ക്യാരി ബാഗിന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട എം.എ. ബേബി പറഞ്ഞത് ശരിയാണ്. മാലിന്യനിർമ്മാർജ്ജനത്തിനുവേണ്ടിയാണ് വാസ്തവത്തിൽ ഇതിന്റെ നികുതി കൂട്ടിയത്. പക്ഷേ, ശ്രീ. വി.ഡി. സതീശൻ ഇവിടെ പറഞ്ഞതുപോലെ ഇതിനെ സംബന്ധിച്ചൊരു ബുദ്ധിമുട്ടുണ്ടായി. കേരളത്തിൽ ഒരുപാട് ഫാക്ടറികളുണ്ട്, ഒരുപാട് തൊഴിലാളികളുണ്ട്, അവരുടെ ഇന്ററസ്റ്റ്കൂടി നോക്കിയപ്പോൾ ബ്ലാങ്കറ്റായി പ്ലാസ്റ്റിക് ഇൻഡസ്ട്രിയെ മുഴുവൻ ബാധിക്കുന്ന തരത്തിൽ 4 ശതമാനം ടാക്സ് 20 ശതമാനമാക്കിയതുകൊണ്ട് ചില ദൂഷ്യങ്ങൾ വരുമെന്ന് സബ്ജക്ട് കമ്മിറ്റി മനസ്സിലാക്കിയതുകൊണ്ടാണ് സബ്ജക്ട് കമ്മിറ്റി ഒരു കാര്യം ചെയ്തിരിക്കുന്നത്, അതിന്റെ പല്ലും നഖവും പറിച്ചു. കൂട്ടിയതിന്റെ പല്ലും നഖവും പറിക്കാൻ സബ്ജക്ട് കമ്മിറ്റി തീരുമാനിച്ച് നടപടിയെടുത്തിട്ടുണ്ട്. ഡീട്രെഞ്ച്ഡ് ബാഗ്സിനെ ഈ നിർവ്വചനത്തിൽ നിന്നൊഴിവാക്കിയതോടുകൂടി ഈ ബുദ്ധിമുട്ടുകൾ ഒരു പരിധിവരെ പരിഹരിക്കാൻ കഴിഞ്ഞിരിക്കുന്നു എന്നാണ് എന്റെ നിഗമനം. അയൽ സംസ്ഥാനങ്ങ

ളിൽ പ്ലാസ്റ്റിക് ക്യാരിബാഗുകളെ സംബന്ധിച്ച് അഞ്ചു ശതമാനമാണ് നികുതി. ഇവിടത്തേതുമായി ഏതാണ്ട് സമീകരിക്കാൻ കഴിയുന്നു, അതുകൊണ്ട് കുഴപ്പമില്ല. ശ്രീ. എം.എ.ബേബി, ഒരു ചോദ്യത്തിൽ ഇന്റർവീൻ ചെയ്തുകൊണ്ട്, തുണിബാഗുകൾ, കടലാസുബാഗുകൾ എന്നിവയിന്മേലുള്ള നികുതി ഒഴിവാക്കിക്കൂടേയെന്നു ചോദിച്ചു. ഇക്കൊല്ലത്തെ ബഡ്ജറ്റിൽ 374-ാമത്തെ ഖണ്ഡികയിൽ സമ്പൂർണ്ണമായി തുണി ബാഗുകളെ നികുതിയിൽ നിന്നൊഴിവാക്കിയിട്ടുണ്ട് എന്ന് പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട എ. കെ. ബാലനിലേയ്ക്ക് ഞാൻ വരാം. ശ്രീ. എ. കെ. ബാലൻ ഇൻഡ്യയുടെ സാമ്പത്തിക വളർച്ച 8 ശതമാനത്തിൽ നിന്ന് 5.3 ശതമാനമായി കുറഞ്ഞതിനെപ്പറ്റി പറഞ്ഞു. സാമ്പത്തിക വളർച്ച കുറഞ്ഞത് ശ്രീ. മൻമോഹൻ സിംഗിന്റെ കുഴപ്പമല്ല. ലോകമാകെയുണ്ടായ സാമ്പത്തിക പ്രതിസന്ധി, ഗ്ലോബൽ സ്ലോഡൗൺ ഇൻഡ്യയേയും ഒരു പരിധിവരെ ബാധിച്ചിരിക്കുന്നു. അതിന്റെ ഫലമായി നമ്മുടെ സാമ്പത്തിക വളർച്ച കുറയുന്നുണ്ട്, ബുദ്ധിമുട്ടുണ്ട്. ചൈനയിലും കുറയുന്നുണ്ട്. പക്ഷേ നമ്മൾ കാണേണ്ടത്, ഈ ഗ്ലോബൽ സ്ലോഡൗണിന്റെ ഇടയിലും കേരളത്തിന്റെ ധനകാര്യ മാനേജ്മെന്റ് ഭദ്രമാക്കിക്കൊണ്ടുപോകാൻ തീർച്ചയായും യു.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞു എന്നുള്ളത് ബഹുമാനപ്പെട്ട എ.കെ. ബാലൻ കണ്ടില്ല, അത് കാണണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ഒരു കാര്യം, ഇന്നലെ അപ്രോപ്രിയേഷൻ ബില്ലിന്റെ സമയത്ത് ശ്രീ. എ. കെ. ബാലൻ ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ, അദ്ദേഹത്തിന്റെ ഈ പ്രസംഗം ഒഴിവാക്കാമായിരുന്നു. ഇവിടെത്തെ സാമ്പത്തികസ്ഥിതിയെ സംബന്ധിച്ച് ഒരു നല്ല വിശകലനം ഇന്നലെ ഞാൻ മറുപടി പ്രസംഗത്തിൽ പറഞ്ഞിരുന്നു. പക്ഷേ പ്രതിപക്ഷം ബോയ്ക്കോട്ട് ചെയ്തുപോയതുകൊണ്ട് ആ അക്കാദമിക്

ഡിസ്ക്കഷൻ അവർ കേട്ടില്ല, ഇപ്പോൾ തിരിച്ചുവന്ന് ശ്രീ. എ. കെ. ബാലൻ പ്രസംഗം തുടങ്ങി. ഇന്നലെ ഇവിടെയുണ്ടായിരുന്നുവെങ്കിൽ ഇതിന്റെ ഒരു ആവശ്യവുമില്ലായിരുന്നു. ശ്രീ. എ. കെ. ബാലൻ ഗവൺമെന്റിന്റെ നിലപാടും വിശദീകരണവും കേൾക്കാത്തതുകൊണ്ടുണ്ടായ കാര്യമാണ്. ഏതാണ്ട് നാല്പത് മിനിട്ടെടുത്ത് അദ്ദേഹം ഇവിടെ സംസാരിച്ചത്. അതിനെപ്പറ്റി എനിക്ക് അത്ഭുതമൊന്നുമില്ല. ഏതായാലും ശ്രീ. എ.കെ. ബാലൻ പറഞ്ഞ തിൽ ഒരു കാര്യം എനിക്ക് തിരുത്തുവാനുണ്ട്. അദ്ദേഹം ബദൽ നയത്തെപ്പറ്റി പറഞ്ഞു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനുപോലും അത്തരമൊരു അവ കാശവാദമില്ല, ശ്രീ. കോടിയേരി ബാലകൃഷ്ണന് അവകാശവാദമില്ല. ഇൻഡ്യ യിലെ മോഡൽ ഗവൺമെന്റായിരുന്നു എൽ.ഡി.എഫ്. ഗവൺമെന്റ് എന്നാണ് പറഞ്ഞത്. അതാണല്ലോ നിങ്ങൾ ഇപ്പോൾ അവിടെ പോയിരിക്കാൻ കാരണ മായത്. തെരഞ്ഞെടുപ്പു കഴിഞ്ഞപ്പോൾ ഇവിടെയിരുന്ന നിങ്ങൾ അപ്പുറത്തു പോയിരിക്കാൻ ജനങ്ങൾ വിധിച്ചത് അതിന്റെ ഫലമായിട്ടല്ലേ. അതുകൊണ്ട് ഇൻഡ്യയിലെ മോഡൽ ഗവൺമെന്റായിരുന്നു എൽ.ഡി.എഫ്. ഗവൺമെന്റ് എന്നൊന്നും പറയേണ്ടതില്ല. പക്ഷേ നിങ്ങളുടെ ആത്മാർത്ഥതയെ ഞങ്ങൾ ചോദ്യം ചെയ്യുന്നില്ല. ഒരുപാട് പാളിച്ചകൾ പറ്റി, അത് നിങ്ങൾ തിരുത്തിയാൽ മതി. പാളിച്ചകൾ നമുക്കോരുത്തർക്കും വരാം, ഞങ്ങൾക്ക് പാളിച്ച പറ്റിയാൽ അടുത്ത തവണ അവിടെയിരിക്കേണ്ടിവരും. അതുകൊണ്ട് പാളിച്ചകൾ പറ്റിയ തിന്റെ ഫലമായി നിങ്ങൾക്ക് അവിടെ ഇരിക്കേണ്ടിവന്നു. കഴിഞ്ഞ എൽ. ഡി.എഫ്. ഗവൺമെന്റിനെ മോഡലാക്കിയൊക്കെ ബഹുമാനപ്പെട്ട എ. കെ. ബാലൻ പറഞ്ഞത് കുറച്ച് അധികപ്പറ്റായിപ്പോയിയെന്ന് എനിക്ക് പറയുവാനു ണ്ട്. അദ്ദേഹം പറഞ്ഞത് ഇവിടെയുണ്ടായ വിലക്കയറ്റത്തെക്കുറിച്ചാണ്. ഞാൻ കഴിഞ്ഞ ബഡ്ജറ്റിൽ ഒരു ശതമാനം നികുതി വർദ്ധിപ്പിച്ചു. ഒരു ശതമാനം

നികുതി വർദ്ധിപ്പിച്ചതിന്റെ ഫലമായി വിലക്കയറ്റമുണ്ടായിയെന്ന് ബഹുമാനപ്പെട്ട മുല്ലക്കര രത്നാകരൻ ഉൾപ്പെടെയുള്ളവർ വിമർശിക്കുകയുണ്ടായി. ഒരു ശതമാനം നികുതി വർദ്ധനവിന്റെ ഫലമായല്ല വിലക്കയറ്റമുണ്ടായത്. ഇവിടെ വിലക്കയറ്റമില്ലായെന്ന് ആരും പറയുന്നില്ല. ഇവിടെ വിലക്കയറ്റമുണ്ട്. അത് എന്തുകൊണ്ടാണ്? ഇന്ത്യയിലെ ഇൻഫ്ളേഷൻ റേറ്റ് 7.25 ശതമാനം ആണ്. ഏഴേകാൽ ശതമാനമായി ഇൻഫ്ളേഷൻ റേറ്റ് ഉയർന്നതുകൊണ്ട് ഇന്ത്യയൊട്ടാകെ വിലക്കയറ്റമുണ്ട്, അതിന്റെ ഫലമായി കേരളത്തിലും വിലക്കയറ്റമുണ്ട്. അതിപ്പോൾ കുറഞ്ഞുവരികയാണ്. ഒരു ശതമാനം ബഡ്ജറ്ററി മെഷറുകൊണ്ടാണ് ഇവിടെ വിലക്കയറ്റമുണ്ടായതെന്നുള്ള നിഗമനം ശരിയല്ല. ഒരു സത്യം ഞാൻ പറയട്ടേ, നിത്യോപയോഗ സാധനങ്ങളുടെ നികുതി നാല് ശതമാനത്തിൽ നിന്ന് ഒരു ശതമാനമാക്കി കുറച്ചതുകൊണ്ട് പാവപ്പെട്ടവർക്ക് രക്ഷയായി. അത് കുറച്ചില്ലായെങ്കിൽ ഇതിനേക്കാൾ കൂടുതൽ വിലവർദ്ധനവ് ഉണ്ടാകുമായിരുന്നു എന്നുള്ളതാണ് നമ്മൾ മനസ്സിലാക്കേണ്ട കാര്യം. ബഹുമാനപ്പെട്ട കെ. കുഞ്ഞിരാമൻ മറ്റുള്ളവരിൽ നിന്നും കുറച്ചുകൂടി വ്യത്യസ്ഥമായിട്ടാണ് സംസാരിച്ചത്. ശ്രീ. കെ. കുഞ്ഞിരാമൻ പെൻഷന്റെ കാര്യമാണ് പറഞ്ഞത്. പെൻഷൻ കാര്യത്തെപ്പറ്റി രാവിലെ അടിയന്തരപ്രമേയത്തിൽ പറഞ്ഞതാണെങ്കിലും ശ്രീ. കെ. കുഞ്ഞിരാമൻ വീണ്ടും അതെടുത്തിട്ടപ്പോൾ, ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോടും ശ്രീ. കോടിയേരി ബാലകൃഷ്ണനോടും വീണ്ടും വീണ്ടും കുത്തിക്കുത്തി ചോദിച്ചിട്ടും മറുപടി പറഞ്ഞില്ല; എന്താണ് കാര്യം? സി.പി.ഐ(എം.)-നോട് ഞാൻ ചോദിക്കുന്നു നിങ്ങൾ ഒരു ഓൾ ഇന്ത്യാ പാർട്ടിയല്ലേ; നിങ്ങൾക്ക് ഒരു ഓൾ ഇന്ത്യാ നയമില്ലേ? വെസ്റ്റ് ബംഗാളിലൊരു നയം, ത്രിപുരയിലൊരുനയം കേരളത്തിൽ മറ്റൊരു

നയം എന്നാണോ? പെൻഷൻ പ്രായം ബംഗാളിൽ 55-ൽ നിന്ന് 58 ആക്കിയും ത്രിപുരയിൽ 60 വയസ്സാക്കിയും ഉയർത്തിയത്. മാർക്സിസ്റ്റ് ഗവൺമെന്റാണ്. അതൊക്കെ ചെയ്തിട്ട് ഇവിടെവന്ന് പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച്, അങ്ങനെയൊരു തീരുമാനമെടുക്കാത്ത ഈ ഗവൺമെന്റിനെതിരെ കോലം കത്തിക്കുകയും, പ്രചരണം നടത്തുകയും, സ്റ്റേറ്റ്മെന്റ് നടത്തുകയും അപകടകരമായ തീരുമാനമെടുത്തു എന്നൊക്കെ പറയുകയും ചെയ്യുന്ന ഈ ഏർപ്പാട് എന്തിനാണെന്ന് ഞാൻ ചോദിക്കുകയാണ്. ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക് (അദ്ദേഹം ഇപ്പോൾ ചൈനയിലാണ്) 2010-2011-ൽ അവതരിപ്പിച്ച ബഡ്ജറ്റ് പ്രസംഗത്തിലെ പേജ് നമ്പർ 100 ഞാൻ വായിക്കുകയാണ്- 'സർവ്വകലാശാലകളുടെ പെൻഷൻ ബാധ്യതകൾ കുത്തനെ ഉയരുകയാണ്. കഴിഞ്ഞ വർഷം 30 കോടി രൂപ അധികമായി നൽകിയാണ് കാർഷിക സർവ്വകലാശാലയുടെ ബാധ്യതകൾ തീർത്തത്. ഈ പശ്ചാത്തലത്തിൽ സർവ്വകലാശാലകൾക്കൊരു പെൻഷൻ ഫണ്ട് രൂപീകരിക്കുന്നതിനുള്ള ശ്രീ. രവീന്ദ്രൻ നായർ കമ്മിറ്റിയുടെ നിർദ്ദേശം അംഗീകരിക്കുന്നു'. കോൺട്രിബ്യൂട്ടറി പെൻഷനെ പറ്റിയാണ് രവീന്ദ്രൻ നായർ കമ്മിറ്റി റിപ്പോർട്ട് വന്നിരിക്കുന്നത്. അത് അംഗീകരിക്കുന്നു. 'ഇതിനായി നൂറു കോടി രൂപ ട്രഷറിയിൽ കോർപ്പസ് ഫണ്ടായി നീക്കിവയ്ക്കുകയാണ്.' അതിലേയ്ക്കായി ഗവൺമെന്റിന്റെ കോൺട്രിബ്യൂഷൻ നൂറു കോടി രൂപ. 'ഓരോ സർവ്വകലാശാലയും പ്രതിവർഷം അവരുടെ ശമ്പളചെലവിന്റെ പത്തുശതമാനം അവരവരുടെ പെൻഷൻ ഫണ്ടുകളിലേയ്ക്ക് അടയ്ക്കേണ്ടതാണ്' - കോൺട്രിബ്യൂഷൻ. അതിന്റെ അർത്ഥം എന്താണ്? കേരളാ സിവിൽ സർവ്വീസിലെ ഒരു വിഭാഗം ജീവനക്കാർക്ക് കോൺട്രിബ്യൂട്ടറി

പെൻഷൻ, അത് എല്ലാം ഒരേ നിലയിലായിരിക്കണമെന്നില്ല. ഡോ. ടി. എം. തോമസ് ഐസക് ഏർപ്പെടുത്തിയ കോൺട്രിബ്യൂട്ടറി പെൻഷൻ നിങ്ങൾ കാണുന്നില്ല. നിങ്ങളാണ് ഈ കുഴപ്പമെല്ലാം ഉണ്ടാക്കിയത്. പെൻഷൻ പ്രായം 55 വയസ്സിൽ നിന്നും 56 ആക്കിയത് ഡോ. ടി.എം. തോമസ് ഐസക്കാണ്, ഞങ്ങൾ അതേറ്റുപിടിച്ചു. സർവ്വകലാശാലയ്ക്ക് കോൺട്രിബ്യൂട്ടറി പെൻഷൻ കൊണ്ടുവന്നത് ഡോ. ടി. എം. തോമസ് ഐസക്കാണ്.

ശ്രീ. സി. ദിവാകരൻ: അങ്ങ് പറഞ്ഞത് യൂണിവേഴ്സിറ്റികളിൽ ഇത് നടപ്പിലാക്കിയതിനെ സംബന്ധിച്ചാണ്. യൂണിവേഴ്സിറ്റിയുടെ സർവ്വീസ് കണ്ടീഷനും കെ.എസ്.ആർ-ന്റെ സർവ്വീസ് കണ്ടീഷനും രണ്ടും രണ്ടാണ്. യൂണിവേഴ്സിറ്റി ഓട്ടോണമസ് ബോഡിയാണെന്ന് അങ്ങേയ്ക്ക് അറിയാം. സിവിൽ സർവ്വീസിൽ കോൺട്രിബ്യൂട്ടറി പെൻഷൻ നടപ്പിലാക്കിയിട്ടില്ല.

ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട സി. ദിവാകരൻ, കോൺട്രിബ്യൂട്ടറി പെൻഷൻ നമ്മുടെ സ്റ്റേറ്റിനും ജീവനക്കാർക്കും ഗുണകരമല്ലെന്നുണ്ടെങ്കിൽ എന്തുകൊണ്ട് ഒരു മേഖലയിൽ കോൺട്രിബ്യൂട്ടറി പെൻഷനെന്ന തത്വം നിങ്ങൾ കൊണ്ടുവന്നു എന്നുള്ളതാണ് എന്റെ ചോദ്യം. നിങ്ങൾക്ക് എന്തെങ്കിലും ആത്മാർത്ഥതയുണ്ടോ? നിങ്ങൾ ഭരിക്കുമ്പോൾ പറയുന്നത് ഒന്ന്, പ്രതിപക്ഷത്തുവരുമ്പോൾ വേറൊന്ന് - നിങ്ങളെ ആര് വിശ്വസിക്കും? ഇതിനൊക്കെ ഒരു കൃത്യമായ നിലാപാട് നമുക്കാവശ്യമാണ്.

ശ്രീ. ജി. സുധാകരൻ: അങ്ങ് പറഞ്ഞതിനോട് ഞാൻ പ്രതികരിക്കുകയാണ്. അങ്ങ് ഒന്നുകൂടി വ്യക്തമാക്കണം. സംസ്ഥാന ഖജനാവിൽ നിന്നാണ് ഗവൺമെന്റ് ജീവനക്കാരുടെ പെൻഷൻ നൽകുന്നത്. യൂണിവേഴ്സിറ്റി ജീവനക്കാരുടെ പെൻഷൻ യൂണിവേഴ്സിറ്റിയുടെ ഫണ്ടിൽനിന്നാണ്. അവിടെ

പൈസയില്ലാത്തതുകൊണ്ടായിരിക്കും അവർ അങ്ങനെ ചെയ്തത്. സംസ്ഥാന ഗവൺമെന്റിൽ നിന്ന് പൈസ കൊടുക്കാത്തതുകൊണ്ടാണ് അങ്ങനെ ചെയ്തത്.

ശ്രീ. കെ. എം. മാണി: അതുകൊണ്ടാണ് ഡോ. ടി. എം. തോമസ് ഐസക് നൂറു കോടി രൂപ ആ കോർപ്പസ് ഫണ്ടിലേയ്ക്ക് കൊടുത്തത്. എന്താണ് ശ്രീ. ജി. സുധാകരൻ, ഇതെന്താണ് ഇങ്ങനെ പറയുന്നത്? സർവ്വകലാശാലകൾ ഓട്ടോണമസ് ബോഡിയാണ്, അവരുടെ റിസോഴ്സുകൊണ്ട് അവരുടെ ചെലവ് നടത്തണമെന്നുണ്ടെങ്കിൽ ഈ കോർപ്പസ് ഫണ്ടിലേയ്ക്ക് ഡോ. ടി. എം. തോമസ് ഐസക് എന്തിനാണ് നൂറുകോടി രൂപ കോൺട്രിബ്യൂട്ട് ചെയ്തത്? It is contributory pension, അതുകൊണ്ടാണ് ഗവൺമെന്റിന്റെ ഒരു വിഹിതമെന്ന നിലയിൽ നൂറു കോടി രൂപ കൊടുത്തത്. It is a particular form of contributory pension. അത് അംഗീകരിച്ചതിനു ശേഷം ഇവിടെവന്ന് വേറൊരു രീതിയിൽ പറയുകയാണ്. വേറൊരു കാര്യം പറയാം, പ്രൊഫ. സി. രവീന്ദ്രനാഥ് ചെറുകിട മേഖലയിലെ ബേക്കറിക്കാരുടെ ടാക്സ് ബർഡൻ ലഘൂകരിക്കണമെന്ന് പറഞ്ഞു. ട്രേഡ് മാർക്ക് ആക്ടനുസരിച്ച് രജിസ്റ്റർ ചെയ്ത പ്രോഡക്ട്സിനു മാത്രമേ 13.5 ശതമാനം നികുതിയുള്ളൂ. ട്രേഡ് മാർക്ക് ആക്ടനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ 5 ശതമാനം നികുതി മാത്രമേയുള്ളൂ. വലിയ വലിയ ആളുകൾ രക്ഷപ്പെടാൻ പാടില്ല. വലിയ വലിയ കാറ്റഗറിയിലേയ്ക്ക് അവർ പോകേണ്ട കാര്യമില്ല. ചെറിയ ബേക്കറികൾ ട്രേഡ് മാർക്ക് ആക്ടനുസരിച്ച് എന്തിനാണ് രജിസ്റ്റർ ചെയ്യുന്നത്? അങ്ങനെ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്കേ നികുതി കൂടുതലുള്ളൂ. അതുകൊണ്ട് വലിയ ഹാർഡ്ഷിപ്പൊന്നുമില്ല. മാർച്ച് മാസത്തിലെ നിർദ്ദേശങ്ങ

ളിൽ ഒതുങ്ങിനിൽക്കരുതെന്നാണ് പ്രൊഫ. സി. രവീന്ദ്രനാഥിന്റെ പുതിയ കണ്ടുപിടിത്തം. ധനകാര്യമന്ത്രി ബഡ്ജറ്റിൽ കുറേ നിർദ്ദേശങ്ങൾ കൊണ്ടുവന്നാൽ അതിൽ ഉറച്ചുനിൽക്കാൻ പാടില്ല എന്നതൊരു പുതിയ തത്വമാണ്, ഒരിക്കലും ശരിയല്ല. ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ ഒരു ടാക്സേഷൻ കൊണ്ടുവന്നാൽ, ഏതെങ്കിലും ഒരുകാര്യത്തിൽ ഹാർഡ്ഷിപ്പുണ്ടെന്ന് പ്രാക്ടിക്കലായി മനസ്സിലായിക്കഴിഞ്ഞാൽ വേണമെങ്കിൽ പിൻവലിക്കാം - വളരെ rarest rare-ആയി മാത്രമേ അങ്ങനെ ചെയ്യാറുള്ളൂ. അല്ലെങ്കിൽ ബഡ്ജറ്റ് നിർദ്ദേശങ്ങളുമായി ആ ധനകാര്യ വകുപ്പുമന്ത്രിയും ഗവൺമെന്റും ഉറച്ചുനിൽക്കുകയെന്നുള്ളതാണ് എല്ലാ ബഡ്ജറ്റിംഗ് ഫിലോസഫിയിലുമുള്ളതെന്ന് പ്രൊഫ. സി. രവീന്ദ്രനാഥിനോട് പറയാൻ ആഗ്രഹിക്കുകയാണ്.

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, ഈ പറഞ്ഞത് നമ്മുടെ സാമ്പ്രദായിക ബഡ്ജറ്റിംഗ് രീതിയാണ്. ലോകത്തെ എല്ലാ രാജ്യങ്ങളിലും സാമ്പത്തിക തകർച്ചയുണ്ടായപ്പോൾ സാമ്പത്തിക ശാസ്ത്രജ്ഞൻമാർ പറഞ്ഞ കാര്യമാണ് ഞാൻ പറഞ്ഞത്. ജനങ്ങളുടെ വാങ്ങൽ ശേഷി ഒരു കൊല്ലം വലിയ മാറ്റമില്ലാതെ തുടരുമ്പോൾ അങ്ങ് പറഞ്ഞത് ശരിയാണ്. പക്ഷേ ജനങ്ങളുടെ വാങ്ങൽ ശേഷി അനുദിനം കുറഞ്ഞുവരുമ്പോൾ ടാക്സ് അതുപോലെ നിന്നാൽ ടാക്സ് കൂട്ടിയെന്നാണർത്ഥം. അതുകൊണ്ടുതന്നെ മൊത്തമായി പുതിയൊരു രീതി ഡെവലപ്പ് ചെയ്യണമെന്നാണ് ഞാൻ പറഞ്ഞത്.

<u>ശ്രീ. കെ. എം. മാണി</u>: അങ്ങ് പറയുന്നത് മാർക്സിയൻ സിദ്ധാന്തത്തിന് എതിരാണ്. ഞാൻ ആദ്യമേതന്നെ പറഞ്ഞു, ഏഹീയമഹ ഹൈീം റീി കേരളത്തെ ബാധിച്ചിട്ടില്ല. ഇതിനിടയിലും ഞങ്ങൾ അതിനെയൊക്കെ അതിജീവിച്ച് പ്രവർത്തിച്ചുവരുന്നുവെന്നാണ് പറഞ്ഞത്. ഏട്ടിലെ പശു പുല്ല് തിന്നുക

യില്ലായെന്ന് പറയുന്നതുപോലെ തിയറിയാണോ നമ്മെ എപ്പോഴും നയിക്കുന്നത്? ഇവിടെ കപ്പാസിറ്റി കൂടിയിരിക്കുന്നുവെന്നാണ് ശ്രീ. ആര്യാടൻ മുഹമ്മദിന്റെ അഭിപ്രായം. ഇതൊക്കെ നമുക്ക് പിന്നീട് ചർച്ച ചെയ്യാം. പ്രൊഫ. സി. രവീന്ദ്രനാഥിനോട് ഒരുകാര്യം പറയട്ടേ, ഇന്നലെ നിങ്ങൾ ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ മനസ്സിലാക്കുമായിരുന്നു. കേരളത്തിലെ ടാക്സ് ബോയൻസി കുറവാണ്. ഇന്ത്യൻ സംസ്ഥാനങ്ങളിൽവച്ച് ടാക്സ് ബോയൻസി കുറഞ്ഞുനിൽക്കുന്ന സംസ്ഥാനമാണ് കേരളം. ഇനിയും ടാക്സ് വർദ്ധിപ്പിക്കാൻ ഇവിടെ സ്കോപ്പുണ്ട്. പക്ഷേ വേണ്ടായെന്ന് ഗവൺമെന്റ് കരുതിയതുകൊണ്ടാണ് വർദ്ധിപ്പിക്കാത്തത്. വളരെ കരുതലോടുകൂടിയാണ് ഞങ്ങൾ മുന്നോട്ട് പോകുന്നത്. ഇൻഫ്ളേഷൻ കൊണ്ട് റിയൽ വേജ് കുറഞ്ഞിട്ടുണ്ടെന്ന് പറഞ്ഞാലും അത് അവരെ സഹായിക്കാൻവേണ്ടിയാണ്. പ്രൊഫ.സി. രവീന്ദ്രനാഥ് പറഞ്ഞത് ശരിയാണ്, ഇൻഫ്ളേഷന്റെ ഫലമായിട്ട് കിട്ടുന്ന വേജ് വാസ്തവത്തിൽ റിയൽ വേജല്ല. പക്ഷേ, അതിന്റെ അടിസ്ഥാനത്തിൽ അവരെ സഹായിക്കാനാണ് നിത്യോപയോഗ സാധനങ്ങളുടെ ടാക്സ് റേറ്റ് 4 ശതമാനത്തിൽ നിന്നും ഒരു ശതമാനമാക്കിയത്.. ബഹുമാനപ്പെട്ട വി. ചെന്താമരാക്ഷൻ നെല്ല് സംഭരണ വിലയെപ്പറ്റി ഇവിടെ പറഞ്ഞു. അപ്പുറത്തിരിക്കുന്ന നേതാക്കന്മാരോട് ഞാൻ ഒരു കാര്യം പറയട്ടെ, എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിലും കുട്ടനാട് ഉണ്ടായിരുന്നു, പാലക്കാട് ഉണ്ടായിരുന്നു, നെല്ല് സംഭരണം ഉണ്ടായിരുന്നു. അന്ന് അതിനുവേണ്ടി മാറ്റിവച്ചിരുന്ന തുക 26 കോടി രൂപയായിരുന്നു. എന്നാൽ 2011-12-ൽ 107 കോടി രൂപയാണ് നെല്ല് സംഭരണത്തിനുവേണ്ടി ഈ സർക്കാർ ചെലവഴിച്ചത്. ഇക്കൊല്ലം 2012-13 ൽ 95 കോടി രൂപയാണ്

ഇതിലേയ്ക്ക് ചെലവിട്ടത്. അപ്പോൾ നമ്മൾ തമ്മിലുള്ള അന്തരം എവിടെ നിൽക്കുന്നു എന്ന് ഞാൻ ബഹുമാനപ്പെട്ട വി. ചെന്താമരാക്ഷനോട് ചോദിക്കുകയാണ്. ആയുർവ്വേദത്തിന്റെ കാര്യം പറയട്ടെ, ഈ വർഷത്തെ ബഡ്ജറ്റിൽ ആയുർവ്വേദ മരുന്നിന് പന്ത്രണ്ടര ശതമാനത്തിൽനിന്നും 5 ശതമാനമാക്കി നികുതി കുറച്ചിട്ടുണ്ട്. ആയുർവ്വേദത്തിന് അതൊരു വലിയ സഹായമാണ് വേറെ ഒരു മേഖലയ്ക്കും ഇത്രയും വലിയ സഹായം കൊടുത്തില്ല. ഇത് ആയുർവ്വേദത്തെ പ്രോൽസാഹിപ്പിക്കാൻവേണ്ടിയാണ്. അതു കഴിഞ്ഞപ്പോൾ ഇനിയും റെട്രോസ്പെക്ടീവ് ആയിട്ട് അതിന്റെ ആപ്ലിക്കേഷൻസ് വേണമെന്നുള്ള വാദമുഖം ഞങ്ങൾ തള്ളിക്കളയുന്നില്ല. പക്ഷേ ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതി വച്ചു നോക്കുമ്പോൾ അത് ബുദ്ധിമുട്ടാണ്, തന്നെയുമല്ല കോസ്മെറ്റിക്സിനെ സംബന്ധിച്ചിടത്തോളം 2009-ൽത്തന്നെ ക്ലാരിറ്റി കൊടുത്തതാണ്. കോസ്മെറ്റിക്സിനുള്ള രജിസ്ട്രേഷനും ലൈസൻസും വേറെയാണ്, ആയുർവ്വേദ മരുന്നുകളുടെ ലൈസൻസ് വേറെയാണ്..

<u>ശ്രീ. രാജു എബ്രഹാം</u> : 2009 മുതൽ ഇതുവരെയുള്ള ടാക്സ് അവർ പിരിച്ചിട്ടില്ല. സാറും ഞാനുമെല്ലാം തലയിൽ തേയ്ക്കുന്ന എണ്ണയാണ്. ആ ഒരു പരിഗണന വച്ചുകൊണ്ട് ഒരു മരുന്ന് എന്നുള്ള കൺസെപ്ടിൽ സ്വാഭാവികമായും ചെയ്യാവുന്നതാണ്, മുൻ ഗവൺമെന്റുകൾ ചെയ്തതാണ്. ആ ഒരു അഭ്യർത്ഥനയാണ് അങ്ങയുടെ മുമ്പിൽ വയ്ക്കുന്നത്.

<u>ശ്രീ. കെ. ശിവദാസൻ നായർ</u> :സർ, കോസ്മെറ്റിക്സിന്റെ നികുതി ഷെഡ്യൂൾ 36-ൽ നിന്ന് ഷെഡ്യൂൾ 25-ലേയ്ക്ക് മാറ്റിയപ്പോഴാണ് 5 ശതമാനമായത്, 2009 വരെ ഇത് 4 ശതമാനമായിരുന്നു. അതാണ് പന്ത്രണ്ടര ശതമാനമാക്കിയത്. ഇപ്പോൾ വീണ്ടും 5 ശതമാനമാക്കി. 5 ശതമാനമാക്കിയതിനാണ്

റെട്രോസ്പെക്ടീവ് ഇഫക്ട് വേണമെന്ന് പറയുന്നത്. അത് ന്യായമായ ഒരു ആവശ്യം തന്നെയാണ്.

ശ്രീ. കെ. എം. മാണി : സഹായങ്ങളൊക്കെ ന്യായമാണ്. പക്ഷേ ഏത് പരിധിവരെ നമുക്ക് പോകാം എന്നുള്ളതാണ്. കേരള ഗവൺമെന്റിന്റെ പരിമിതമായ സാമ്പത്തിക സ്ഥിതിയിൽ നിന്നുകൊണ്ട് ആലോചിക്കുമ്പോൾ പന്ത്രണ്ടര ശതമാനത്തിൽനിന്നും നാല് ശതമാനമാക്കി കുറച്ചു കൊടുത്തതിന് അവർ ഗവൺമെന്റിനോട് നന്ദിയുള്ളവരായിരിക്കണം. ഇനിയും റെട്രോസ്പെക്ടീവ് ആക്കിയാൽ വലിയൊരു നഷ്ടം ഗവൺമെന്റിന് വരും. ഏതായാലും ഞാൻ 'നോ' പറയുന്നില്ല; അത് പരിശോധിക്കാം, അത് സെപ്പറേറ്റായി പരിശോധിച്ചതിനുശേഷം എന്ത് വേണം എന്നുള്ളതിനെസംബന്ധിച്ച് പിന്നീട് ആലോചിക്കാം. ജലനിധി വർക്കുകൾക്ക് നാല് ശതമാനം നികുതി എന്നത് വേൾഡ് ബാങ്കുമായിട്ടുള്ള കോൺട്രാക്ടാണ്. എൽ.ഡി.എഫ്. ഭരണത്തിൽ പത്ത് ലക്ഷംവരെ നാല് ശതമാനവും പത്ത് ലക്ഷത്തിനുമുകളിൽ പന്ത്രണ്ടര ശതമാനവുമാണ് ഈടാക്കിക്കൊണ്ടിരുന്നതെങ്കിൽ ഇത്തവണ ഇറെസ്പെക്ടീവായി പത്തിന് മുകളിലാണോ താഴെയാണോ എന്ന് നോക്കാതെ എല്ലാ വർക്കുകൾക്കും നാല് ശതമാനമായി കുറച്ചിരിക്കുന്നു. അത് വലിയൊരു കാര്യമാണ്. ശ്രീ. ജോസ് തെറ്റയിൽ വാഹനങ്ങളുടെ വിലയനുസരിച്ചാണ് അയൽ സംസ്ഥാനങ്ങളിൽ നികുതി പിരിക്കുന്നതെന്ന് പറഞ്ഞു. അതിന്റെ ചുവട് പിടിച്ചാണ് ഇവിടെ ധനകാര്യ ബിൽ കൊണ്ടുവന്നത്. അതിന് ഇനി ഭേദഗതി ആവശ്യമില്ല. അല്ലെങ്കിൽ പോലും ശ്രീ. ജോസ് തെറ്റയിൽ ഒരു ഭേദഗതി അവതരിപ്പിച്ചിട്ടുമില്ല. 200 രൂപവരെ വിലയുള്ള സാധാരണക്കാരന്റെ ചെരിപ്പുകൾക്ക് ഇപ്പോൾ അഞ്ച് ശതമാനം മാത്രമേ നികുതിയുള്ളു. അതിൽ

കൂടുതൽ വിലയുള്ള ലക്ഷ്വറി ചെരുപ്പുകൾക്കാണ് നികുതി പതിമൂന്നര ശതമാനമാക്കിയിരിക്കുന്നത്. അതുകൊണ്ട് ഈ രീതിയിൽ ആലോചിക്കുമ്പോൾ ഇവിടെ പറഞ്ഞ നിർദ്ദേശങ്ങളൊക്കെ ഗവൺമെന്റ് പരിശോധിക്കുന്നതാണ്. വളരെ വാല്യുബ്ളായിട്ടുള്ള നിർദ്ദേശങ്ങൾ വന്നു. പ്രതിപക്ഷ മെമ്പർമാരൊക്കെ വളരെ വാല്യൂബ്ളായിട്ടുള്ള നിർദ്ദേശങ്ങൾ വച്ചിട്ടുണ്ട്. ഗവൺമെന്റ് തുറന്ന മനസ്സോടെ അതൊക്കെ സ്വീകരിക്കും. എന്തായാലും ഒരു കാര്യം, ധനകാര്യ ബിൽ കഴിഞ്ഞ ബ്ഡജ്റ്റിൽ പ്രഖ്യാപിച്ച നികുതി നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കാനുള്ളതാണ്. അതുകൊണ്ട് അതിൽ നിന്ന് അങ്ങോട്ടും ഇങ്ങോട്ടും മാറാൻ സാധിക്കുകയില്ല. വേറൊരു സമയത്താണെങ്കിൽ നമുക്ക് അങ്ങോട്ടും ഇങ്ങോട്ടും മാറാം, പുതുതായിട്ട് സ്വീകരിക്കാം. പക്ഷേ ഇക്കാര്യത്തെ സംബന്ധിച്ചിടത്തോളം, ബഡ്ജറ്റ് മെഷേഴ്സായതുകൊണ്ട് ഇത് പാസ്സാക്കിത്തരണം. നമുക്ക് ഓരോ ക്ലോസുകളിലേയ്ക്ക് കടക്കാം.

ഡോ. എൻ. ജയരാജ് : സർ, ഉഴുന്നിന് ഒരുശതമാനവും ഉഴുന്നുപൊടിക്ക് അഞ്ച് ശതമാനവുമായിട്ടാണ് പുതിയ ഫിനാൻസ് ബില്ലിൽ നികുതി വന്നിരിക്കുന്നത്. സത്യത്തിൽ ഉഴുന്നു ഒരു ഫുഡ്ഗ്രേയിനാണ്. ഫുഡ്ഗ്രെയിൻ പൗഡർ എന്നു പറയുമ്പോൾ അതിന് ഒരു ശതമാനമാണ് ടാക്സ് വരേണ്ടത്. ഇക്കാര്യത്തിൽ ക്ലാരിറ്റി വരേണ്ടതുണ്ട്. ഇപ്പോൾ ഉഴുന്നുപൊടിയെ തേർഡ് ഷെഡ്യൂളിലേയ്ക്ക് മാറ്റിയിരിക്കുകയാണ്. അതിൽ പറഞ്ഞിരിക്കുന്നത് Flour & powder of leguminous vegetables എന്നാണ്. ശരിക്ക് പറഞ്ഞാൽ അത് ഫുഡ്ഗ്രെയിന്റെ പൗഡറാണ്. അതുകൊണ്ട് അതിന്റെ നികുതി ഒരു ശതമാനമാക്കണമെന്നുള്ള ഒരു നിർദ്ദേശമുണ്ട്.

<u>ശ്രീ. കെ.എം.മാണി</u> : അത് പരിശോധിക്കാം. ഡോ. എൻ. ജയരാജനായതുകൊണ്ട് എനിക്ക് വലിയൊരു താല്പര്യമുണ്ടായിരുന്നു. പക്ഷേ എന്നാലും ഞാൻ അതിൽ ഒരു വ്യത്യാസം കാണിക്കുന്നില്ല. പരിശോധിക്കാം. അല്ലാതെ ഇപ്പോൾ ഒരു കമ്മിറ്റ്മെന്റില്ല.

<u>മി. സ്പീക്കർ</u> : അങ്ങ് സംസാരിച്ചു കഴിഞ്ഞോ?

<u>ശ്രീ. കെ.എം.മാണി</u> : സംസാരിച്ചു കഴിഞ്ഞു

<u>മി. സ്പീക്കർ</u> : ശ്രീ. എ.കെ.ബാലൻ അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ,

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ ....................

ഭേദഗതി സഭ തള്ളിയിരിക്കുന്നു.

ശ്രീ. വി.ഡി.സതീശൻ അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ,

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ....

സഭയുടെ അനുമതിയോടുകൂടി ഭേദഗതി പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012 ലെ കേരള ധനകാര്യബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്ക് എടുക്കുന്നു.

2-ാം വകുപ്പ്.

മി. സ്പീക്കർ : ഭേദഗതിയില്ല.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ..............

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

Smt. P. Aisha Potty: I move the following amendment

109. Delete clause 3(2)

ശ്രീ. കെ.എം.മാണി : ശ്രീമതി പി. അയിഷാ പോറ്റി അവതരിപ്പിച്ച 109 -ാം നമ്പർ ഭേദഗതി സ്വീകരിക്കത്തക്കതല്ല. മൂന്നാം വകുപ്പ് ബഡ്ജറ്റ് നിർദ്ദേശ പ്രകാരമുള്ളതാണ്. അത് ഭേദതി വരുത്താൻ ഉദ്ദേശിക്കുന്നില്ല. മൂന്നാം വകുപ്പ് ഭേദഗതി കൂടാതെ പാസ്സാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.

മി. സ്പീക്കർ : ശ്രീമതി പി. അയിഷാ പോറ്റി അവതരിപ്പിച്ച 109 -ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

: മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .............

പ്രതികൂലിക്കുന്നവർ...............

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4 - ാം വകുപ്പ്

Shri. A. M. Ariff : I move the following amendment

110. The fourth proviso to section 17 (6) of The Kerala General Sales Tax Act, 1963, proposed to be substituted in clause 4 (1) (a) shall be recast as follows:-

" provided also that the assessment relating to the years up to and including the year 2007-2008 pending as on 31.03.2012 shall be completed on or before 31st March, 2013."

Shri. Babu M. Palissery : I move the following amendment

111. In the first proviso to section 17 (8) of The Kerala General Sales Tax Act, 1963, proposed to be substituted by clause 4 (1) (b) (i) substitute the figures "2012" for the figures "2011"

Shri. M. Chandran : I move the following amendment

112. In the third proviso to section 17 (8) of The Kerala General Sales Tax Act, 1963 proposed to be substituted by clause 4 (1) (b) (ii)

substitute the figures "2012" for the figures "2011"

Shri. V. Chenthamarakshan: I move the following amendment

113. In section 58(A)(1) proposed to be inserted in the Kerala General Sales Tax Act, 1963, by clause 4(2) substitute the word "Shall" for the word "may".

Shri. K. Dasan: I move the following amendment

114. In section 58(A)(2) proposed to be inserted in the Kerala General Sales Tax Act, 1963 by clause 4(2) delete the words, "Notwithstanding anything contained in Section 57".

ശ്രീ. കെ. എം. മാണി : ബഡ്ജറ്റ് നിർദ്ദേശം അനുസരിച്ചാണ് നാലാം വകുപ്പിന്റെ രൂപകല്പന ചെയ്തിരിക്കുന്നത്. അതുകൊണ്ട് ഈ ഭേദഗതികൾ സ്വീകാര്യമല്ല. നാലാം വകുപ്പ് ഭേദഗതി കൂടാതെ ബില്ലിന്റെ ഭാഗമാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി.സ്പീക്കർ : ശ്രീ. എ.എം.ആരിഫ് അവതരിപ്പിച്ച 110 - ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ബാബു എം. പാലിശ്ശേരി അവതരിപ്പിച്ച 111 - ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ചന്ദ്രൻ അവതരിപ്പിച്ച 112 - ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ചെന്താമരാക്ഷൻ അവതരിപ്പിച്ച 113 - ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ദാസൻ അവതരിപ്പിച്ച 114 - ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

4 - ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ ...................

4 – ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5–ാം വകുപ്പ്

ഭേദഗതി ഇല്ല.

5 – ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ....................

പ്രതികൂലിക്കുന്നവർ........................

5 – ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6 – ാം വകുപ്പ്

ഭേദഗതി ഇല്ല

6 – ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ ................

6 – ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

7 – ാം വകുപ്പ്

Shri. B. D. Devassy : - I move the following amendments

**115.** In section 6(1)(a) of the Kerala Value Added Tax Act, 2003 proposed to be substituted by clause 7(2)(a)(i)

1. In the entry against Sl. No. 1 in column 2 delete the word "ubstitutes"

2. In the entry against Sl. No. 3 in column 2 delete the words "excluding "D" punched bags".

Shri. Elamaram Kareem : I move the following amendment

116. Delete clause 7(2)(a)(ii)

DR. K. T. Jaleel : I move the following amendment

**118. Delete clause 7(2)(a)(iv)**

Shri James Mathew : I move the following amendment

119. Delete clause 7(2)(a)(v).

Shri. Koliyakode N. Krishnan Nair : I move the following amendment

**121. Delete clause 7 (2) (a) (viii)**

Shri. C. Krishnan : I move the following amendment

**122. Delete clause 7 (2) (b)**

Shri. K. Kunhammed Master : I move the following amendment

123. In the Note to the sixth proviso to section 6 (5) of The Kerala Value Added Tax Act, 2003 proposed to be added by 7 (2) (c) for the figures "2005" substitute the figures "2011" and add the

words "the date on which the proviso came into effect." at the end.

**Shri. A. Pradeepkumar: I move the following amendment**

128. Delete Clause 7(3)(b)(i)

**Shri. Purushan Kadalundy: I move the following amendment**

129. After the third proviso to section 8 (e) proposed to be inserted in the Kerala Value Added Tax Act, 2003 by clause 7 (3) (b)(ii) add the following proviso, namely:

" provided that institution get registered and furnish returns for the period 1st April 2005 onwards and in the event of non compliance, action shall be taken Under Section 15.A and shall levy penalty Under Section 67 of The Kerala Value Added Tax Act, 2003".

**Shri. P.T.A Rahim: I move the following amendment**

130. Delete Clause 7 (3) (c)

Shri. S. Rajendran: I move the following amendment

131. Delete Clause 7 (4)

Shri. R. Rajesh: I move the following amendment

132. Delete Clause 7 (5) (a)

Shri. T.V.Rajesh: I move the following amendment

133. Delete Clause 7 (6)

Shri. Raju Abraham : I move the following amendment

134. In the fourth proviso to section 24 (1) of the Kerala Value Added Tax Act, 2003, proposed to be substituted by clause 7 (8) for the figures and symbols “2007-2008”, substitute the figures and symbols “2008-2009”

Shri. C. K. Sadasivan : I move the following amendment

135. In the third proviso to section 25 (1) of the Kerala Value Added Tax Act, 2003, proposed to be substituted by clause 7 (9) for the figures and symbols “2007-2008”, substitute the figures and symbols “2006-2007”

Shri. Saju Paul : I move the following amendment

136. In section 93A (1) proposed to be inserted in the Kerala Value Added Tax Act, 2003, by clause 7 (11) for the word “may”, substitute the word “shall”

Smt. K. S. Saleekha : I move the following amendment

137. In section 93A(2) proposed to be inserted in the Kerala Value Added Tax Act, 2003, by clause 7(11) delete the words and figures, "Notwithstanding anything contained in section 92."

Shri. S. Sarma: I move the following amendment

140. In serial number 2C proposed to be inserted in the second Schedule of the Kerala Value Added Tax Act, 2003 by clause 7(12)(b)(i), add the following words and symbols at the end –

"made by cottage industries / household industries or any self help groups like kudumbashree, purusha sahaya sangham etc.".

Shri. P. Sreeramakrishnan: I move the following amendment

141. Delete clause 7(12)(c)(i).

Shri. K. Suresh Kurup: I move the following amendment

143. Delete clause 7(12)(c)(xii) and insert the following words and figures after serial number 50 and the entries against it in column (2) and (3) of the first Schedule of the Kerala Value Added Tax Act, 2003, namely:-

"50A packaged tender coconut water".

(ശ്രീ. കെ.എം.മാണി)

ശ്രീ. കെ.എം. മാണി: സർ, ഈ ബില്ലിൽ 'സബ്സ്റ്റിറ്റ്യൂട്ട്' എന്നുള്ളതിന് പകരം 'അബ്സ്റ്റിറ്റ്യൂട്ട്' എന്ന് അച്ചടിക്കുകയുണ്ടായി. അതിൽ ഒരു സ്പെല്ലിംഗ് മിസ്റ്റേക്ക് വന്നതാണ്. അതുകൊണ്ട് അത് ഒഴിവാക്കേണ്ട കാര്യമില്ല, അത് തിരുത്തിയാൽ മതി. അബ്സ്റ്റിറ്റ്യൂട്ട് എന്നുള്ളത് സബ്സ്റ്റിറ്റ്യൂട്ട് എന്ന് തിരുത്തണം. അതിന് സഭ അനുമതി നൽകണം. പുകയിലയുടെ സബ്സ്റ്റിറ്റ്യൂട്ടിനും നികുതി ചുമത്തിയതാണ് അധിക നികുതി. 01-04-2012 മുതൽ അത് വരും. ബഡ്ജറ്റ് നിർദ്ദേശം അനുസരിച്ചുള്ളതാണ്. അതുകൊണ്ട് 115 മുതൽ 143 വരെയുള്ള ഭേദഗതികൾ സ്വീകാര്യമല്ല. 7-ാം വകുപ്പിൽ അബ്സ്റ്റിറ്റ്യൂട്ട് എന്ന വാക്ക് സബ്സ്റ്റിറ്റ്യൂട്ട് ആക്കിയശേഷം 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ബി.ഡി ദേവസ്സി അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എളമരം കരീം അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി.കെ. ഗുരുദാസൻ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. കെ.ടി. ജലീൽ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ജെയിംസ് മാത്യു അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. കെ. ജയചന്ദ്രൻ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കോലിയക്കോട് എൻ കൃഷ്ണൻ നായർ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. കൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പ്രദീപ്കുമാർ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പുരുഷൻ കടലുണ്ടി അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി.. ടി. എ. റഹീം അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എസ്. രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി.. വി.. രാജേഷ് അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. രാജു എബ്രഹാം അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി.. കെ. സദാശിവൻ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സാജു പോൾ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ.എസ്. സലീഖ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച 140-ാം നമ്പർ ഭേദഗതി ക്ക് പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ:

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. കെ. അച്ചുതൻ
6. ശ്രീ. ടി. എ. അഹ്മദ് കബീർ
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. എ. പി. അനിൽകുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. കെ. ബാബു
12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
13. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
14. ശ്രീ. വി. ടി. ബൽറാം
15. ശ്രീ. പി. കെ. ബഷീർ
16. ശ്രീ. ബെന്നി ബെഹനാൻ
17. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
18. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
19. ശ്രീ. കെ. ബി. ഗണേഷ് കുമാർ
20. ശ്രീ. എ. റ്റി. ജോർജ്
21. ശ്രീ. പി. സി. ജോർജ്
22. ശ്രീ. ഹൈബി ഈഡൻ
23. ശ്രീമതി പി. കെ. ജയലക്ഷ്മി
24. ഡോ. എൻ. ജയരാജ്
25. ശ്രീ. കെ. സി. ജോസഫ്
26. ശ്രീ. ജോസഫ് വാഴക്കൻ
27. ശ്രീ. വർക്കല കഹാർ
28. ശ്രീ. കെ. എൻ. എ. ഖാദർ

29. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
30. ശ്രീ. റ്റി. യു. കുരുവിള
31. ശ്രീ. ലൂഡി ലൂയിസ്
32. ശ്രീ. പി. എ. മാധവൻ
33. ശ്രീ. സി. മമ്മൂട്ടി
34. ശ്രീ. കെ. എം. മാണി
35. ശ്രീ. കെ. പി. മോഹനൻ
36. ശ്രീ. സി. മോയിൻകുട്ടി
37. ശ്രീ. മോൻസ് ജോസഫ്
38. ശ്രീ. സി. പി. മുഹമ്മദ്
39. ശ്രീ. ആര്യാടൻ മുഹമ്മദ്
40. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
41. ഡോ. എം. കെ. മുനീർ
42. ശ്രീ. കെ. മുരളീധരൻ
43. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
44. ശ്രീ. അടൂർ പ്രകാശ്
45. ശ്രീ. റ്റി. എൻ. പ്രതാപൻ
46. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
47. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
48. ശ്രീ. രമേഷ് ചെന്നിത്തല
49. ശ്രീ. പാലോട് രവി
50. ശ്രീ. റോഷി അഗസ്റ്റിൻ
51. ശ്രീ. വി. പി. സജീന്ദ്രൻ
52. ശ്രീ. എൻ. ശക്തൻ
53. ശ്രീ. വി. ഡി സതീശൻ
54. ശ്രീ. ഷാഫി പറമ്പിൽ
55. ശ്രീ. കെ. എം. ഷാജി
56. ശ്രീ. എൻ. ഷംസുദീൻ
57. ശ്രീ. ആർ. സെൽവരാജ്
58. ശ്രീ. ഷിബു ബേബി ജോൺ

59. ശ്രീ. കെ. ശിവദാസൻ നായർ
60. ശ്രീ. വി. എസ്. ശിവകുമാർ
61. ശ്രീ. എം. വി. ശ്രേയാംസ്കുമാർ
62. ശ്രീ. സണ്ണി ജോസഫ്
63. ശ്രീ. സി. എഫ്. തോമസ്
64. ശ്രീ. തോമസ് ഉണ്ണിയാടൻ
65. ശ്രീ. പി. ഉബൈദുള്ള
66. ശ്രീ. എം. ഉമ്മർ
67. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
68. ശ്രീ. എം. എ. വാഹീദ്
69. ശ്രീ. എം. പി. വിൻസെന്റ്
70. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. അജിത്
5. ശ്രീ. എ. എം. ആരിഫ്
6. ശ്രീ. എ. എ. അസീസ്
7. ശ്രീ. ബാബു എം. പാലിശ്ശേരി
8. ശ്രീ. എം. എ. ബേബി
9. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
10. ശ്രീ. എ. കെ. ബാലൻ
11. ശ്രീമതി ഇ. എസ്. ബിജിമോൾ
12. ശ്രീ. എം. ചന്ദ്രൻ
13. ശ്രീ. ഇ. ചന്ദ്രശേഖരൻ
14. ശ്രീ. കെ. ദാസൻ
15. ശ്രീ. ബി. ഡി. ദേവസ്സി
16. ശ്രീ. സി. ദിവാകരൻ

17. ശ്രീമതി ഗീതാ ഗോപി
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. എം. ഹംസ
20. ശ്രീമതി ജമീലാ പ്രകാശം
21. ശ്രീ. ജെയിംസ് മാത്യു
22. ഡോ. കെ. ടി. ജലീൽ
23. ശ്രീ. കെ. കെ. ജയചന്ദ്രൻ
24. ശ്രീ. ജി. എസ്. ജയലാൽ
25. ശ്രീ. ജോസ് തെറ്റയിൽ
26. ശ്രീ. എളമരം കരീം
27. ശ്രീ. സി. കൃഷ്ണൻ
28. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
29. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
30. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
31. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
32. ശ്രീമതി കെ. കെ. ലതിക
33. ശ്രീ. മാത്യു റ്റി. തോമസ്
34. ശ്രീ. സി. കെ. നാണു
35. ശ്രീ. കെ. കെ. നാരായണൻ
36. ശ്രീ. എ. പ്രദീപ്കുമാർ
37. ശ്രീ. പുരുഷൻ കടലുണ്ടി
38. ശ്രീ. കെ. രാധാകൃഷ്ണൻ
39. ശ്രീ. പി. റ്റി. എ. റഹീം
40. ശ്രീ. എസ്. രാജേന്ദ്രൻ
41. ശ്രീ. ആർ. രാജേഷ്
42. ശ്രീ. റ്റി. വി. രാജേഷ്
43. ശ്രീ. കെ. രാജു
44. ശ്രീ. രാജു എബ്രഹാം
45. ശ്രീ. മുല്ലക്കര രത്നാകരൻ
46. പ്രൊഫ. സി. രവീന്ദ്രനാഥ്

47. ശ്രീ. സി. കെ. സദാശിവൻ
48. ശ്രീ. സാജു പോൾ
49. ശ്രീമതി കെ. എസ്. സലീഖ
50. ശ്രീ. എസ്. ശർമ്മ
51. ശ്രീ. വി. ശശി
52. ശ്രീ. ബി. സത്യൻ
53. ശ്രീ. വി. ശിവൻകുട്ടി
54. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
55. ശ്രീ. ജി. സുധാകരൻ
56. ശ്രീ. വി. എസ്. സുനിൽകുമാർ
57. ശ്രീ. ഇ. കെ. വിജയൻ

അനുകൂലിക്കുന്നവർ - 70

പ്രതികൂലിക്കുന്നവർ - 57

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മി. സ്പീക്കർ: 124, 125, 126, 127, 138, 139, 142 എന്നീ നമ്പർ ഭേദഗതികൾ നികുതി വർദ്ധനവിനുള്ള ഭേദഗതികൾ ആയതിനാൽ ഗവർണ്ണറുടെ ശുപാർശ ആവശ്യമാണ്. ആയത് തേടിയതായി കാണുന്നില്ല. എന്നിരുന്നാലും ഭേദഗതി നൽകിയ അംഗങ്ങൾക്ക് സംസാരിക്കാവുന്നതാണ്. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ), ശ്രീമതി കെ.കെ. ലതിക, ശ്രീ. കെ.കെ. നാരായണൻ, ശ്രീ. ബി. സത്യൻ, ശ്രീ. വി. ശിവൻകുട്ടി, ശ്രീ. ജി. സുധാകരൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങളാരെങ്കിലും സംസാരിക്കുന്നുണ്ടോ..........? ഇല്ല. ബഹുമാനപ്പെട്ട മിനിസ്റ്റർ,

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): നികുതി വർദ്ധിപ്പിക്കാൻ പറ്റില്ല. 7-ാം വകുപ്പിൽ അബ്സ്റ്റിറ്റ്യൂട്ട് എന്ന വാക്ക് സബ്സ്റ്റിറ്റ്യൂട്ട് എന്നാക്കണം. അത് ഓഫീഷ്യലായുള്ള ഒരു ഭേദഗതി ഞാൻ ഓറലായി പറയുകയാണ്. അതിന് വിധേയമായി 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഓറൽ ഭേദഗതി സ്വീകരിക്കുന്നു.

ഭേദഗതിചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ ........................

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ശ്രീ. ബി.ഡി. ദേവസ്സി: 'അബ്സ്റ്റിറ്റ്യൂട്ട്' 'സബ്സ്റ്റിറ്റ്യൂട്ട്' എന്നാക്കിയത് ഞാൻ അവതരിപ്പിച്ച ഭേദഗതിയാണ്. അത് അംഗീകരിച്ചാൽ പോരെ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ശ്രീ. ബി.ഡി. ദേവസ്സി അവതരിപ്പിച്ചതാണ്. മന്ത്രി അത് അംഗീകരിച്ചാൽ മതി.

ശ്രീ. കെ.എം. മാണി: ബഹുമാനപ്പെട്ട മെമ്പർ അവതരിപ്പിച്ച ഭേദഗതിയുടെ സ്പിരിറ്റാണ് ഞാൻ എടുത്തത്. മെമ്പർ എല്ലാ സ്ഥലത്തും ഭേദഗതി കൊടുത്തിട്ടുണ്ടോ എന്ന് എനിക്കറിയില്ല. ഞാൻ നോക്കിയില്ല. സ്പെല്ലിംഗ് മിസ്റ്റേക്ക് എവിടെയൊക്കെയുണ്ടോ അത് തിരുത്തണമെന്നുള്ളതാണ് ഗവൺമെന്റിന്റെ അഭിപ്രായം. മെമ്പറുടെ ഭേദഗതി അതനുസരിച്ചുള്ളത് സ്വീക

രിക്കുന്നു. ഒരു കുഴപ്പവുമില്ല. ബഹുമാനപ്പെട്ട മെമ്പറാണ് അതിന് പ്രചോദനം നൽകിയത്.

മി. സ്പീക്കർ: ശ്രീ. ബി.ഡി. ദേവസ്സിയുടെ 115-ാം നമ്പർ ഭേദഗതിയിലെ 1 ഉം 2, ഉം. അതിൽ ഒന്നാമത്തേത് മാത്രമാണ് മിനിസ്റ്റർ അക്സപ്റ്റ് ചെയ്തത്. അതിനാലാണ് 115 ഒന്നായി അക്സപ്റ്റ് ചെയ്യാത്തത്. അതുകൊണ്ടാണ് അദ്ദേഹം എടുത്തു പറഞ്ഞത്. അദ്ദേഹത്തിന് തെറ്റ് പറ്റിയതല്ല. 115-മത്തെ ഭേദഗതിയിലെ 1 മാത്രമാണ് മന്ത്രി അംഗീകരിച്ചത്.

8-ാം വകുപ്പ്

Prof. C. Raveendranath: Sir, I move the following amendments.

144. Section 6 of the Kerala Finance Act, 2008 proposed to be amended by clause 8 shall be recast as follows:-

"6. Levy and Collection of Cess

(1) There shall be levied and collected from the dealers a cess @ 10% on the tax payable under section 5(1) (b) of the Kerala General Sales Tax Act, 1963 (Act 15 of 1963), to be called the Social Security Cess, to be utilised to provide and finance a comprehensive social security scheme.

(2) There shall be levied and collected from the Kerala State Beverages (Manufacturing and Marketing) Corporation Limited, a cess @ 1% on the tax payable by them under clause (b) of sub-section (1) of section 5 of Kerala General Sales Tax Act, 1963 to be called Medical cess to be utilised to provide generic medicine free of cost to the patients of the Government Hospitals, who are not income tax payers. The cess so collected shall be in addition to the cess collected under sub-section (1) above.

(3) The Government may after due appropriation made by the Legislature by the law in this behalf utilise such some of money of the Social Security Cess and medical cess for the purpose specified in sub-section (1) or (2) as the case may be.

(4) The provisions of section 22 of the Kerala General Sales Tax Act, 1963 shall be applicable for the collection of social security cess and medical cess as per sub-sections (1) and (2).

(5) The provisions regarding assessment and recovery in the Kerala General Sales Tax Act, 1963 shall mutatis mutandis apply to social security cess and medical cess".

മി. സ്പീക്കർ: 145-ാം നമ്പർ ഭേദഗതി 144-ൽ അടങ്ങുന്നതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ശ്രീ. കെ.എം. മാണി: കാരുണ്യാ മെഡിസിൻ ഫ്രീ ആക്കിക്കൊടുക്കുന്നതിനുവേണ്ടിയുള്ള ലെവിയാണ്. ഇത് പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രൊഫ. സി. രവീന്ദ്രനാഥ് അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ .........................

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

Shri. K.V. Abdul Khader: Sir, I move the following amendment.

107. In clause 1(2) delete the words "Save as otherwise provided in this Act."

Shri. M. Hamsa: Sir, I move the following amendment.

108. Clause 1 (2) shall be recast as follows;

"2. Save as otherwise provided in this Act, section 3, sub-sections 2(i) to (vi) and (viii) of section 7, sub-sections 3 (a) and (b) of section 7, sub-sections (4), (5), (6) of section 7 and subsection 12(c)(i) of section 7 shall be deemed to have come into force on the Ist day of April, 2012 and the remaining provisions of this Act shall come into force at once."

ശ്രീ. കെ.എം. മാണി: മെഡിക്കൽ സെസ്സ് ബഡ്ജറ്റ് അവതരണം കഴിഞ്ഞ് നടപ്പിലായ കാര്യമാണ്. അതുകൊണ്ട് മെഡിക്കൽ സെസ്സ് ഈടാക്കുന്ന വ്യവസ്ഥയും പ്രത്യേകമായി പ്രാബല്യത്തീയതി പറഞ്ഞിട്ടുള്ളവ ഒഴികെ, മെഡിക്കലിന്റേത് പറഞ്ഞ തീയതിയിലാണ്, ബാക്കിയുള്ളതെല്ലാം 01-04-2012 മുതൽ പ്രാബല്യം നൽകേണ്ടതുണ്ട്. അതുകൊണ്ട് 107, 108 എന്നീ നമ്പർ ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. കെ.വി. അബ്ദുൾ ഖാദർ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ .........................

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവുംവകുപ്പുമന്ത്രി (ശ്രീ.കെ. എം. മാണി): 2012-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ് കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2012-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ....................

ശ്രീ. സി. ദിവാകരൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ:

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. കെ. അച്ചുതൻ

6. ശ്രീ. ടി. എ. അഹ്മദ് കബീർ
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. എ. പി. അനിൽകുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. കെ. ബാബു
12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
13. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
14. ശ്രീ. വി. ടി. ബൽറാം
15. ശ്രീ. പി. കെ. ബഷീർ
16. ശ്രീ. ബെന്നി ബെഹനാൻ
17. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
18. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
19. ശ്രീ. കെ. ബി. ഗണേഷ് കുമാർ
20. ശ്രീ. എ. റ്റി. ജോർജ്
21. ശ്രീ. പി. സി. ജോർജ്
22. ശ്രീ. ഹൈബി ഈഡൻ
23. ശ്രീമതി പി. കെ. ജയലക്ഷ്മി
24. ഡോ. എൻ. ജയരാജ്
25. ശ്രീ. കെ. സി. ജോസഫ്
26. ശ്രീ. ജോസഫ് വാഴക്കൻ
27. ശ്രീ. വർക്കല കഹാർ
28. ശ്രീ. കെ. എൻ. എ. ഖാദർ
29. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
30. ശ്രീ. റ്റി. യു. കുരുവിള
31. ശ്രീ. ലൂഡി ലൂയിസ്
32. ശ്രീ. പി. എ. മാധവൻ
33. ശ്രീ. സി. മമ്മൂട്ടി
34. ശ്രീ. കെ. എം. മാണി

35. ശ്രീ. കെ. പി. മോഹനൻ
36. ശ്രീ. സി. മോയിൻകുട്ടി
37. ശ്രീ. മോൻസ് ജോസഫ്
38. ശ്രീ. സി. പി. മുഹമ്മദ്
39. ശ്രീ. ആര്യാടൻ മുഹമ്മദ്
40. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
41. ഡോ. എം. കെ. മുനീർ
42. ശ്രീ. കെ. മുരളീധരൻ
43. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
44. ശ്രീ. അടൂർ പ്രകാശ്
45. ശ്രീ. റ്റി. എൻ. പ്രതാപൻ
46. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
47. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
48. ശ്രീ. രമേഷ് ചെന്നിത്തല
49. ശ്രീ. പാലോട് രവി
50. ശ്രീ. റോഷി അഗസ്റ്റിൻ
51. ശ്രീ. വി. പി. സജീന്ദ്രൻ
52. ശ്രീ. എൻ. ശക്തൻ
53. ശ്രീ. വി. ഡി സതീശൻ
54. ശ്രീ. ഷാഫി പറമ്പിൽ
55. ശ്രീ. കെ. എം. ഷാജി
56. ശ്രീ. എൻ. ഷംസുദീൻ
57. ശ്രീ. ആർ. സെൽവരാജ്
58. ശ്രീ. ഷിബു ബേബി ജോൺ
59. ശ്രീ. കെ. ശിവദാസൻ നായർ
60. ശ്രീ. വി. എസ്. ശിവകുമാർ
61. ശ്രീ. എം. വി. ശ്രേയാംസ്കുമാർ
62. ശ്രീ. സണ്ണി ജോസഫ്
63. ശ്രീ. സി. എഫ്. തോമസ്
64. ശ്രീ. തോമസ് ഉണ്ണിയാടൻ

65. ശ്രീ. പി. ഉബൈദുള്ള
66. ശ്രീ. എം. ഉമ്മർ
67. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
68. ശ്രീ. എം. എ. വാഹീദ്
69. ശ്രീ. എം. പി. വിൻസെന്റ്
70. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. അജിത്
5. ശ്രീ. എ. എം. ആരിഫ്
6. ശ്രീ. എ. എ. അസീസ്
7. ശ്രീ. ബാബു എം. പാലിശ്ശേരി
8. ശ്രീ. എം. എ. ബേബി
9. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
10. ശ്രീ. എ. കെ. ബാലൻ
11. ശ്രീമതി ഇ. എസ്. ബിജിമോൾ
12. ശ്രീ. എം. ചന്ദ്രൻ
13. ശ്രീ. ഇ. ചന്ദ്രശേഖരൻ
14. ശ്രീ. കെ. ദാസൻ
15. ശ്രീ. ബി. ഡി. ദേവസ്സി
16. ശ്രീ. സി. ദിവാകരൻ
17. ശ്രീമതി ഗീതാ ഗോപി
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. എം. ഹംസ
20. ശ്രീമതി ജമീലാ പ്രകാശം
21. ശ്രീ. ജെയിംസ് മാത്യു
22. ഡോ. കെ. ടി. ജലീൽ

23. ശ്രീ. കെ. കെ. ജയചന്ദ്രൻ
24. ശ്രീ. ജി. എസ്. ജയലാൽ
25. ശ്രീ. ജോസ് തെറ്റയിൽ
26. ശ്രീ. എളമരം കരീം
27. ശ്രീ. സി. കൃഷ്ണൻ
28. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
29. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
30. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
31. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
32. ശ്രീമതി കെ. കെ. ലതിക
33. ശ്രീ. മാത്യു റ്റി. തോമസ്
34. ശ്രീ. സി. കെ. നാണു
35. ശ്രീ. കെ. കെ. നാരായണൻ
36. ശ്രീ. എ. പ്രദീപ്കുമാർ
37. ശ്രീ. പുരുഷൻ കടലുണ്ടി
38. ശ്രീ. കെ. രാധാകൃഷ്ണൻ
39. ശ്രീ. പി. റ്റി. എ. റഹീം
40. ശ്രീ. എസ്. രാജേന്ദ്രൻ
41. ശ്രീ. ആർ. രാജേഷ്
42. ശ്രീ. റ്റി. വി. രാജേഷ്
43. ശ്രീ. കെ. രാജു
44. ശ്രീ. രാജു എബ്രഹാം
45. ശ്രീ. മുല്ലക്കര രത്നാകരൻ
46. പ്രൊഫ. സി. രവീന്ദ്രനാഥ്
47. ശ്രീ. സി. കെ. സദാശിവൻ
48. ശ്രീ. സാജു പോൾ
49. ശ്രീമതി കെ. എസ്. സലീഖ
50. ശ്രീ. എസ്. ശർമ്മ
51. ശ്രീ. വി. ശശി
52. ശ്രീ. ബി. സത്യൻ

53. ശ്രീ. വി. ശിവൻകുട്ടി
54. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
55. ശ്രീ. ജി. സുധാകരൻ
56. ശ്രീ. വി. എസ്. സുനിൽകുമാർ
57. ശ്രീ. ഇ. കെ. വിജയൻ

അനുകൂലിക്കുന്നവർ - 70

പ്രതികൂലിക്കുന്നവർ - 57

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു. സഭ ഇപ്പോൾ പിരിയുന്നതും 19-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(19-07-2012-ന് രാവിലെ സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്ക്ശേഷം 3.13-ന് പിരിഞ്ഞു)

* * * * * * * * * * * * * * *